പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4862 | 24. 07.2015- ൽ മറുപടി നല്കേണ്ടത് |
|---|---|

**ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകളും, പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29.6.2015ലെ ജി.ഒ.ആർ.ടി. നം.2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്. |
| ബി) | സാമ്പിളുകൾ പരിശോധിക്കുന്നതിന് സർക്കാർ അക്രഡിറ്റേഷനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ ? | ബി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. എന്നാൽ ടി ലാബുകൾക്ക് NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ